**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **11-09-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി വില്ലേജ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ നടപടികൾ എന്തെല്ലാമായി എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി വില്ലേജ് റി.സ.358/10 ബി യിൽപ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും മുമ്പ് താലൂക്ക് ഓഫീസിലെ ഇലക്ഷൻ വിഭാഗം പ്രവർത്തിച്ചിരുന്നതുമായ കെട്ടിടം ആണ് തിരൂരങ്ങാടി വില്ലേജ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി കണ്ടെത്തിയത്. പ്രസ്തുത കെട്ടിടം ഉൾപ്പെടെ താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടവും അതുൾപ്പെടുന്ന സ്ഥലവും 1968-ലെ കേരള പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും ആക്ടിലെ വ്യവസ്ഥകൾ പ്രകാരം 2013 മെയ് 13നു സംരക്ഷിത സ്മാരകമായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത സർക്കാർ വിജ്ഞാപനത്തിൽ പരാമർശിച്ച ഭൂമിയിൽ ഉൾപ്പെട്ടതും മുമ്പ് താലൂക്ക് ഓഫീസ് ഇലക്ഷൻ വിഭാഗം പ്രവർത്തിച്ചിരുന്നതുമായ കെട്ടിടം, പുരാവസ്തു പ്രാധാന്യം ഇല്ലാത്തതും പുതുതായി നിർമ്മിതി കേന്ദ്രം നിർമ്മിച്ചിട്ടുള്ളതുമാകയാൽ ടി കെട്ടിടവും അത് നിലനിൽക്കുന്ന സ്ഥലവും സംരക്ഷിത സ്മാരകപട്ടികയിൽ നിന്നും ഒഴിവാക്കി നൽകുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ഓഫീസ് ഇലക്ഷൻ വിഭാഗം പ്രവർത്തിച്ചിരുന്നതുമായ കെട്ടിടം നിലനിൽക്കുന്ന ഭൂമി ഡീനോട്ടിഫൈ ചെയ്ത് സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത നടപടികൾ സംബന്ധിച്ച ഫയൽ ഏത് ഓഫീസിലാണെന്നും പ്രസ്തുത ഫയലിൽ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വിശദമാക്കാമോ? | (ബി) | പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട ഫയൽ മലപ്പുറം ജില്ലാ കളക്ടറുടെ കാര്യാലയത്തിലാണ് നിലവിലുള്ളത്.<br><br>മൂന്ന് വർഷക്കാലത്തിനുള്ളിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം |

| | | | |
|---|---|---|---|
| | | | തിരിച്ച് മുൻഗണനാ ക്രമത്തിൽ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ